# OFFICE OF THE COCHIN DEVASWOM BOARD
**Round North, Thrissur – 680 001**
PH: 2331124, 2327028 FAX : 2335874, 2327029
E-mail. Admin @cochindevaswomboard.org


No. A3. 10116/07 Dated: 13-06-16

# ടെണ്ടർ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഭരണത്തിലുള്ള ചോറ്റാനിക്കര ഭഗവതി ക്ഷേത്രം, കൊടുങ്ങല്ലൂർ ശ്രീ കുരുംബ ഭഗവതി ക്ഷേത്രം, തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രം എന്നിവിടങ്ങളിൽ **1192 എം.ഇ. ചിങ്ങം 1 മുതൽ ഒരു വർഷക്കാലയളവിലേക്ക്** അലുമിനിയം ഫോയിൽഡ് പേപ്പർ കോമ്പോസിറ്റ് കണ്ടെയ്നറുകളിൽ ദേവസ്വം നിശ്ചയിച്ച് തരുന്ന സ്റ്റിക്കർ സ്വന്തം ചിലവിൽ അച്ചടിച്ച് പതിച്ച് സ്പെഷ്യൽ നെയ്പായസം നിറച്ച് വായു പ്രവേശിക്കാത്ത രീതിയിൽ സീൽ ചെയ്തു നൽകുന്നതിന് താൽപ്പര്യമുള്ളവരിൽ നിന്നും സീൽ ചെയ്ത ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടറിനോടൊപ്പം കുറഞ്ഞത് രണ്ടു വർഷമെങ്കിലും ഒരു മഹാ ക്ഷേത്രത്തിൽ മുടക്കം കൂടാതെ പായസം പായ്ക്ക് ചെയ്ത പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, കണ്ടെയ്നർ ഫുഡ് സേഫ്റ്റി ആണെന്ന് തെളിയിക്കുന്നതിന് നിർമ്മാതാവിന് Central Food Technology Research Institute ൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെ കോപ്പി എന്നിവ സമർപ്പിക്കേണ്ടതാണ്. സ്വന്തമായി കണ്ടെയ്നർ നിർമ്മാണ യൂണിറ്റുകൾ ഉള്ളവർക്ക് മുൻഗണന നൽകുന്നതാണ്. ടെണ്ടറിനോടൊപ്പം ഒരു സാമ്പിൾ കണ്ടെയ്നർ (250 ml) സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യമായി **സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ** എന്ന പേരിൽ 10,000/-ക. യുടെ ഡി.ഡി. അടക്കം ചെയ്യേണ്ടതാണ്. ടെണ്ടറുകൾ **2016 ജൂൺ മാസം 24-ാം തിയ്യതി ഉച്ചതിരിഞ്ഞ് 3 മണി വരെ സ്വീകരിക്കുന്നതും 3.30 P.M.ന്** ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ തുറക്കുന്നതും, തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. ഈ ടെണ്ടറിനെ കുറിച്ച് കൂടുതൽ വിവരങ്ങൾ ചോറ്റാനിക്കര ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണറുടെ ഓഫീസ്, തൃശ്ശൂർ അസിസ്റ്റന്റ് കമ്മീഷ്ണറുടെ ഓഫീസ്, തിരുവഞ്ചിക്കുളം അസിസ്റ്റന്റ് കമ്മീഷ്ണറുടെ ഓഫീസ്, കൊടുങ്ങല്ലൂർ, കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ് എന്നിവിടങ്ങളിൽ നിന്നും പ്രവർത്തി സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്. ഈ ടെണ്ടറുകൾ മാറ്റി വെക്കുന്നതിനോ, യുക്തമെന്നു തോന്നുന്ന മറ്റു നടപടികൾ സ്വീകരിക്കുന്നതിനോ താഴെ ഒപ്പിടുന്ന വ്യക്തിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

| | |
|---|---|
| കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ് | : 0487 2327029 |
| ചോറ്റാനിക്കര ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസ് | : 0484 2711032 |
| തിരുവഞ്ചിക്കുളം ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസ് | : 0480 2802446 |
| തൃശ്ശൂർ ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസ് | : 0487 2420163 |

**ഒപ്പ്.**

**സ്പെഷ്യൽ ദേവസ്വം കമ്മീഷ്ണർ**

കൊച്ചിൻ ദേവസ്വം ബോർഡ് കാര്യാലയം,
തൃശ്ശൂർ തിയ്യതി: 13-06-2016